©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2024

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനഞ്ചാം കേരള നിയമസഭ

# (FIFTEENTH KERALA LEGISLATIVE ASSEMBLY)

## എസ്റ്റിമേറ്റ്സ് കമ്മിറ്റി
## (2021-2023)

## എട്ടാമത് റിപ്പോർട്ട്

**[എസ്റ്റിമേറ്റ്സ് കമ്മിറ്റി (2019-2021)യുടെ ഇരുപത്തിനാലാമത് റിപ്പോർട്ടിലെ (മലയോര ഹൈവേ സംബന്ധിച്ച്) ശിപാർശകളിന്മേൽ/ നിർദ്ദേശങ്ങളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളെ സംബന്ധിച്ച റിപ്പോർട്ട്]**

(2023 സെപ്റ്റംബർ മാസം 13-ാം തീയതി സഭയിൽ സമർപ്പിച്ചത്)


കേരള നിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം

2023

പതിനഞ്ചാം കേരള നിയമസഭ

**എസ്റ്റിമേറ്റ്സ് കമ്മിറ്റി**
**(2021-2023)**

**എട്ടാമത് റിപ്പോർട്ട്**

**[എസ്റ്റിമേറ്റ്സ് കമ്മിറ്റി (2019-2021)യുടെ ഇരുപത്തിനാലാമത് റിപ്പോർട്ടിലെ (മലയോര ഹൈവേ സംബന്ധിച്ച്) ശിപാർശകളിന്മേൽ/ നിർദ്ദേശങ്ങളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളെ സംബന്ധിച്ച റിപ്പോർട്ട്]**

1147/2023.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| അദ്ധ്യായം I : | | |
| റിപ്പോർട്ട് | .. | 1 |
| അദ്ധ്യായം II : | | |
| ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളിൽ സമിതി അംഗീകരിച്ചവ | .. | 1 |
| അദ്ധ്യായം III : | | |
| മറുപടി ലഭിക്കേണ്ട ശിപാർശകളും അധിക വിവരവും | .. | 11 |

# എസ്റ്റിമേറ്റ്സ് കമ്മിറ്റി
# (2021-2023)

**ഘടന**

<u>അദ്ധ്യക്ഷ</u> :

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ.

<u>അംഗങ്ങൾ</u> :

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)

ശ്രീ. പി. പി. ചിത്തരഞ്ജൻ

ശ്രീ. ജി. എസ്. ജയലാൽ

ശ്രീ. കോവൂർ കുഞ്ഞുമോൻ

ശ്രീ. എം. എം. മണി

ശ്രീ. മുരളി പെരുനെല്ലി

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

ശ്രീ. പി. ടി. എ. റഹീം

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി

ശ്രീ. എൻ. ഷംസുദ്ദീൻ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. എ. എം. ബഷീർ, സെക്രട്ടറി

ശ്രീമതി ഷബാന അഞ്ജും, ജോയിന്റ് സെക്രട്ടറി

ശ്രീ. ഷാജി ആർ., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. വിനോദ് കുമാർ എം. കെ., അണ്ടർ സെക്രട്ടറി.

# മുഖവുര

എസ്റ്റിമേറ്റ്സ് കമ്മിറ്റി (2021-2023)-യുടെ അദ്ധ്യക്ഷയായ ഞാൻ സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ എട്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

പതിനാലാം കേരള നിയമസഭയുടെ എസ്റ്റിമേറ്റ്സ് കമ്മിറ്റി (2019-2021)യുടെ ഇരുപത്തിനാലാമത് റിപ്പോർട്ട് (മലയോര ഹൈവേ സംബന്ധിച്ച്) 2020 മാർച്ച് 13-ന് സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിൽ 28 ഖണ്ഡികകളിലായി ആകെ 23 ശിപാർശകളാണുണ്ടായിരുന്നത്. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളും അതിന്മേൽ സമിതി ആരാഞ്ഞ അധികവിവരങ്ങളും അവയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടികളിൽ സമിതി അംഗീകരിച്ചവയും ഇനിയും മറുപടി ലഭ്യമാക്കാനുള്ള ശിപാർശകളും അധികവിവരങ്ങളും ഉൾക്കൊള്ളുന്നതാണ് ഈ റിപ്പോർട്ട്.

2023 സെപ്റ്റംബർ മാസം 11-ാം തീയതി ചേർന്ന സമിതി യോഗം ഈ റിപ്പോർട്ട് അംഗീകരിച്ചു.

കെ. കെ. ശൈലജ ടീച്ചർ,

*അദ്ധ്യക്ഷ,*

*എസ്റ്റിമേറ്റ്സ് കമ്മിറ്റി.*

തിരുവനന്തപുരം,

2023, സെപ്റ്റംബർ 13.

# റിപ്പോർട്ട്

## അദ്ധ്യായം - I

പതിനാലാം കേരള നിയമസഭയുടെ എസ്റ്റിമേറ്റ്സ് കമ്മിറ്റി (2019-21) യുടെ ഇരുപത്തിനാലാമത് റിപ്പോർട്ട് (മലയോര ഹൈവേ സംബന്ധിച്ച്) 2020 മാർച്ച് 13-ന് സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിൽ ആകെ 23 ശിപാർശകളാണുണ്ടായിരുന്നത്.

ശിപാർശകളിന്മേൽ അനന്തരനടപടികൾ സ്വീകരിക്കുന്നതിന് റിപ്പോർട്ടിന്റെ അച്ചടിച്ച പ്രതി 5-11-2020-ന് സർക്കാരിലേയ്ക്ക് അയച്ചുകൊടുത്തു. റിപ്പോർട്ടിലെ ശിപാർശകളിന്മേൽ വിവിധ വകുപ്പുകൾ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന സമാഹൃത കുറിപ്പുകൾ 6-1-2022, 21-10-2022, 11-9-2023 എന്നീ തീയതികളിൽ ചേർന്ന യോഗങ്ങളിൽ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

സമിതി (2019-2021)-യുടെ ഇരുപത്തിനാലാമത് റിപ്പോർട്ടിലെ ശിപാർശകളും അവയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടികളിൽ സമിതി അംഗീകരിച്ചവയും ഈ റിപ്പോർട്ടിന്റെ രണ്ടാം അദ്ധ്യായത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

അദ്ധ്യായം III-ലെ അധിക വിവരങ്ങളിന്മേലും ഇനിയും മറുപടി ലഭിക്കേണ്ട ശിപാർശകളിന്മേലും അനന്തരനടപടി സ്വീകരിച്ച് സമിതിയെ അറിയിക്കേണ്ടതാണ്.

## അദ്ധ്യായം - II

### ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളിൽ സമിതി അംഗീകരിച്ചവ

[ബ്രാക്കറ്റിൽ പരാമർശിച്ചിരിക്കുന്ന ഖണ്ഡികകൾ മൂലറിപ്പോർട്ടിലെ ഖണ്ഡികകളാണ്]

ശിപാർശ 1 [ഖണ്ഡിക 5]

ഇന്ത്യൻ റോഡ് കോൺഗ്രസിന്റെ മാനദണ്ഡ പ്രകാരമുള്ള റോഡുകൾ മികച്ചതും ഈടുറ്റതും ആയതിനാൽ പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചുകൊണ്ടും ഓരോ പ്രദേശത്തിന്റെയും പ്രത്യേക കാലാവസ്ഥയും മണ്ണിന്റെ ഘടന, നിർമ്മാണ വസ്തുക്കളുടെ ലഭ്യത എന്നിവ അനുസരിച്ചും ദീർഘകാല ഉപയോഗം മുന്നിൽ കണ്ടും ഗുണമേന്മയുള്ള റോഡായി മലയോര ഹൈവേ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

## പൊതുമരാമത്ത് (എച്ച്) വകുപ്പ്

മലയോര ഹൈവേ റോഡ് നിർമ്മാണം പൂർണ്ണമായും ഇന്ത്യൻ റോഡ് കോൺഗ്രസിന്റെയും MoRTH മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചുകൊണ്ടായിരിക്കുമെന്ന് ഇതിനാൽ അറിയിക്കുന്നു.

ശിപാർശ 2 [ഖണ്ഡിക 7]

സ്വമേധയാ ഭൂമി വിട്ടുനൽകലിലൂടെ (ഫ്രീ സറണ്ടർ) ലഭ്യമാക്കി പദ്ധതി നടപ്പിലാക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് സമിതി മനസ്സിലാക്കുന്നു. ഇത്തരത്തിൽ വിട്ടുനൽകുന്ന ഭൂമിയിലെ കെട്ടിടങ്ങൾ, മതിലുകൾ, കിണറുകൾ തുടങ്ങിയ നിർമ്മിതികൾക്ക് കാലതാമസം കൂടാതെ നഷ്ടപരിഹാരം നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

## പൊതുമരാമത്ത് (എച്ച്) വകുപ്പ്

സ്വമേധയാ ഭൂമി വിട്ടുനൽകുന്ന കുടുംബങ്ങൾക്ക് മതിലുകൾ കാലതാമസം കൂടാതെ നിർമ്മിച്ച് നൽകുന്നതാണ്. മലയോര ഹൈവേയുടെ പ്രാധാന്യവും ദീർഘകാല ഉപയോഗവും വനമേഖലകളിൽ അടക്കം എല്ലായിടത്തും 12 മീറ്റർ വീതിയിൽ തന്നെ മലയോര ഹൈവേ നിർമ്മിക്കുന്നതാണ്.

സമിതി ആവശ്യപ്പെട്ട അധിക വിവരം

മലയോര ഹൈവേയ്ക്കായി മതിലുകൾ പൊളിക്കുകയോ, മതിലുകൾ മുറിക്കുകയോ, പാതകൾ മുറിക്കുകയോ ചെയ്യുമ്പോൾ അവ പുനഃസ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും, മലയോര ഹൈവേയുമായി ബന്ധപ്പെട്ട് സ്വമേധയാ ഭൂമി വിട്ടുനൽകുന്നതോ/ജനങ്ങൾക്ക് മതിലുകൾ, കെട്ടിടങ്ങൾ, കിണറുകൾ തുടങ്ങിയ നിർമ്മിതികൾക്ക് സമയബന്ധിതമായി നഷ്ടപരിഹാരം നൽകുന്നതിന് സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുവാൻ വകുപ്പിനോട് ആവശ്യപ്പെടാൻ നിർദ്ദേശിച്ചിരിക്കുന്നു.

സർക്കാരിൽ നിന്നും ലഭിച്ച മറുപടി

## പൊതുമരാമത്ത് (എച്ച്) വകുപ്പ്

മലയോര ഹൈവേയുമായി ബന്ധപ്പെട്ട റോഡ് നിർമ്മാണ പ്രവർത്തനങ്ങൾക്ക് സ്വമേധയാ സ്ഥലം വിട്ടുനൽകുന്ന വേളയിൽ പൊളിച്ച് മാറ്റപ്പെടേണ്ട നിർമ്മിതികൾ റോഡ് നിർമ്മാണ പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തുകയും നിർമ്മാണവേളയിൽ ടി കരാറുകാരനെക്കൊണ്ട് പുനർനിർമ്മിക്കുകയും ചെയ്യുന്നു. എന്നാൽ ടി നിർമ്മിതികൾക്ക് നഷ്ടപരിഹാരം നൽകുന്നതല്ല.

<u>ശിപാർശ 4 [ഖണ്ഡിക 8]</u>

മിനിസ്ട്രി ഓഫ് റോഡ് ട്രാൻസ്പോർട്ട് ആന്റ് ഹൈവേസ് (MoRTH)-ന്റ മാനദണ്ഡം അനുസരിച്ച് ആധുനിക യന്ത്രസംവിധാനങ്ങൾ ഉപയോഗിച്ച് റോഡ് നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും അത്തരം യന്ത്രസാമഗ്രികൾ ഉപയോഗിച്ചുതന്നെയാണ് കരാറുകാർ റോഡ് നിർമ്മാണം നടത്തുന്നതെന്ന് ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

## പൊതുമരാമത്ത് (എച്ച്) വകുപ്പ്

MoRTH -ന്റെ മാനദണ്ഡം അനുസരിച്ച് യന്ത്ര സംവിധാനങ്ങൾ ഉപയോഗിച്ച് റോഡ് നിർമ്മിക്കുന്ന കരാറുകാരനെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്.

<u>ശിപാർശ 5 [ഖണ്ഡിക 9]</u>

വനമേഖലയിൽ നിലവിലുള്ള റോഡുകളെ പരമാവധി കൂട്ടിയോജിപ്പിച്ച് മലയോര ഹൈവേയിൽ ഉൾപ്പെടുത്തുവാനും റോഡുകൾ നിലവിലില്ലാത്ത മേഖലകളിലും ഒഴിച്ചുകൂടാനാകാത്ത പ്രദേശങ്ങളിലും മാത്രം പുതിയ റോഡ് നിർമ്മിക്കുന്നതിനും നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

## പൊതുമരാമത്ത് (എച്ച്) വകുപ്പ്

വനമേഖലയിൽ നിലവിലുള്ള റോഡുകൾ പരമാവധി കൂട്ടിയോജിപ്പിച്ചും ഒഴിച്ചുകൂടാനാവാത്ത പ്രദേശങ്ങളിൽ മാത്രം പുതിയ റോഡ് നിർമ്മിക്കുന്ന പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്.

<u>ശിപാർശ 7 [ഖണ്ഡിക 11]</u>

പരിസ്ഥിതി വകുപ്പിന്റെ ക്ലിയറൻസിനായി അടിയന്തരമായി അപേക്ഷ സമർപ്പിക്കണമെന്നും കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിലേക്ക് പ്രോജക്ട് റിപ്പോർട്ട് നൽകുമ്പോൾ പ്രസ്തുത പഠന റിപ്പോർട്ട് കൂടി ഉൾപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

## പൊതുമരാമത്ത് (എച്ച്) വകുപ്പ്

പരിസ്ഥിതി വകുപ്പിന്റെ ക്ലിയറൻസിനായി ടി ഓഫീസ് അപേക്ഷ സമർപ്പിക്കുമെന്നും കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിലേക്ക് പ്രോജക്ട് റിപ്പോർട്ട് നൽകുമ്പോൾ പ്രസ്തുത പഠന റിപ്പോർട്ട് കൂടി ഉൾപ്പെടുത്തുന്നതാണ്.

## പരിസ്ഥിതി (എ) വകുപ്പ്

സംസ്ഥാന പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റി പരിസ്ഥിതി ആഘാതപഠനം നടത്തുന്നില്ല. EIA Notification 2006-ൽ സൂചിപ്പിച്ചിരിക്കുന്ന പ്രവൃത്തികൾക്ക് പ്രസ്തുത നോട്ടിഫിക്കേഷനിലെ മാർഗ്ഗരേഖകളുടെ അടിസ്ഥാനത്തിൽ പാരിസ്ഥിതികാനുമതി നൽകുന്ന ഏജൻസിയാണ് സംസ്ഥാന പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റി (SEIAA). National Accreditation Board of Education and Training (NABET) accreditation ഉള്ള ഏജൻസികളാണ് പരിസ്ഥിതി ആഘാത പഠനം (EIA Study) നടത്തിവരുന്നത്. റോഡ് നിർമ്മാണം നടത്തുന്ന ഏജൻസി പാരിസ്ഥിതികാഘാത പഠനം നടത്തി, പാരിസ്ഥിതികാനുമതിയ്ക്കുള്ള അപേക്ഷ സമർപ്പിക്കുന്ന അവസരത്തിൽ, EIA Notification 2006 പ്രകാരം സംസ്ഥാന പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റിയുടെ നിർണ്ണയ പരിധിക്കുള്ളിൽ വരുന്നതാണ് പ്രസ്തുത പദ്ധതിയെങ്കിൽ സർക്കാർ പദ്ധതി എന്ന നിലയ്ക്ക് അപേക്ഷ മുൻഗണനാക്രമത്തിൽ പരിഗണിക്കുന്നതാണ്. നിലവിൽ മലയോര ഹൈവേയുടെ പാരിസ്ഥികാനുമതിയ്ക്കുള്ള അപേക്ഷ സംസ്ഥാന പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റി ഓഫീസിൽ ലഭിച്ചിട്ടില്ലെന്ന് മെമ്പർ സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

### ശിപാർശ 8 [ഖണ്ഡിക 12]

വനപ്രദേശങ്ങളിലും മലയോര മേഖലകളിലും പുതിയ റോഡുകൾ നിർമ്മിക്കുമ്പോൾ കുന്നുകൾ ഇടിക്കുന്നതും നീർച്ചാലുകൾ നികത്തുന്നതും പരമാവധി ഒഴിവാക്കിക്കൊണ്ട് പ്രകൃതിയുടെ സന്തുലിതാവസ്ഥക്ക് കോട്ടം തട്ടാത്ത വിധത്തിൽ നിർമ്മാണപ്രവർത്തനങ്ങൾ നടത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

## പൊതുമരാമത്ത് (എച്ച്) വകുപ്പ്

വനപ്രദേശങ്ങളിലും മലയോര മേഖലകളിലും റോഡുകൾ നിർമ്മിക്കുമ്പോൾ കുന്നുകൾ ഇടിക്കുന്നതും നീർച്ചാലുകൾ നികത്തുന്നതും പരമാവധി ഒഴിവാക്കിക്കൊണ്ട് പ്രകൃതിയുടെ സന്തുലിതാവസ്ഥക്ക് കോട്ടം തട്ടാത്ത വിധത്തിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

## വനം-വന്യജീവി (സി) വകുപ്പ്

സമിതി ശിപാർശ ചെയ്തതിൻപ്രകാരം വനപ്രദേശങ്ങളിലും മലയോര മേഖലകളിലും പുതിയ റോഡുകൾ നിർമ്മിക്കുമ്പോൾ കുന്നുകൾ ഇടിക്കുന്നതും നീർച്ചാലുകൾ നികത്തുന്നതും പരമാവധി ഒഴിവാക്കിക്കൊണ്ട് പ്രകൃതിയുടെ സന്തുലിതാവസ്ഥക്ക് കോട്ടം തട്ടാത്ത വിധത്തിൽ നിർമ്മാണപ്രവർത്തനങ്ങൾക്ക് അനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## പരിസ്ഥിതി (എ) വകുപ്പ്

ഈ ശിപാർശയിൽ തുടർനടപടികൾ സ്വീകരിക്കേണ്ടത് റോഡ് നിർമ്മാണം നടത്തുന്ന ഏജൻസിയാണ്. പ്രസ്തുത വിഷയം പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റി (SEIAA) -യുടെ പരിധിയിൽ വരുന്നില്ല.

ശിപാർശ 9 [ഖണ്ഡിക 13]

വനത്തിനും വന്യജീവികൾക്കും ദോഷകരമാകുമെന്നതിനാൽ മലയോര ഹൈവേ നിർമ്മാണം പൂർത്തിയാക്കിയശേഷം നിർമ്മാണ വസ്തുക്കളുടെ അവശിഷ്ടങ്ങളോ പ്ലാസ്റ്റിക്കോ മറ്റ് വസ്തുക്കളോ ഉപയോഗശൂന്യമായ ഉപകരണങ്ങളോ കാടിനുള്ളിൽ ഉപേക്ഷിച്ചിട്ടില്ലായെന്ന് ഉറപ്പ് വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

## പൊതുമരാമത്ത് (എച്ച്) വകുപ്പ്

നിർമ്മാണപ്രവർത്തനങ്ങൾക്ക് ശേഷം വനത്തിനും വന്യജീവികൾക്കും ദോഷകരമാകുന്ന നിർമ്മാണവസ്തുക്കളുടെ അവശിഷ്ടങ്ങളോ പ്ലാസ്റ്റിക്കോ മറ്റ് ഉപയോഗശൂന്യമായ ഉപകരണങ്ങളോ കാടിനുള്ളിൽ ഉപേക്ഷിച്ചിട്ടില്ല എന്ന് ഉറപ്പ് വരുത്തുന്നതാണ്.

## വനം-വന്യജീവി (സി) വകുപ്പ്

സമിതി ശിപാർശകൾ പ്രകാരം വ്യവസ്ഥകളുടെയും നിബന്ധനകളുടെയും അടിസ്ഥാനത്തിൽ മാത്രമേ ടി പ്രവർത്തനങ്ങൾക്ക് അനുമതി സംബന്ധിച്ച നടപടികൾ കൈക്കൊള്ളുകയുള്ളൂ എന്ന വിവരം ബോധിപ്പിച്ചുകൊള്ളുന്നു.

ശിപാർശ 10 [ഖണ്ഡിക 14]

കൊട്ടംകാടിനുള്ളിലൂടെ ഗതാഗതം ആരംഭിക്കുമ്പോൾ വന്യമൃഗങ്ങൾ ജനവാസ കേന്ദ്രങ്ങളിലേക്കും കാർഷിക മേഖലകളിലേക്കും കടന്നു കയറുവാൻ സാധ്യതയുള്ളതായി സമിതി വിലയിരുത്തുന്നു. ഇത്തരം സാഹചര്യം മുന്നിൽ കണ്ട് ഇത് ഒഴിവാക്കുന്നതിനായി നടപടി സ്വീകരിക്കണമെന്നും ഡി.പി.ആർ. തയ്യാറാക്കുമ്പോൾ ഈ വിഷയത്തിന് പ്രാധാന്യം നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

## പൊതുമരാമത്ത് (എച്ച്) വകുപ്പ്

കൊട്ടംകാടിനുള്ളിലൂടെ ഗതാഗതം ആരംഭിക്കുമ്പോൾ ജനവാസ കേന്ദ്രങ്ങളിലേക്കും കാർഷിക മേഖലകളിലേക്കും വന്യമൃഗങ്ങൾ കടന്നു കയറാൻ സാധ്യത ഉള്ളതിനാൽ ഇത് ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## വനം-വന്യജീവി (സി) വകുപ്പ്

സമിതി ശിപാർശകൾ പ്രകാരം വ്യവസ്ഥകളുടെയും നിബന്ധനകളുടെയും അടിസ്ഥാനത്തിൽ മാത്രമേ ടി പ്രവർത്തനങ്ങൾക്ക് അനുമതി സംബന്ധിച്ച നടപടികൾ കൈക്കൊള്ളുകയുള്ളൂ എന്ന വിവരം ബോധിപ്പിച്ചുകൊള്ളുന്നു.

ശിപാർശ 11 [ഖണ്ഡിക 15]

കാടിനുള്ളിലേക്ക് പ്രവേശിക്കുന്ന എല്ലാ അതിർത്തികളിലും ചെക്ക്പോസ്റ്റുകൾ നിർബന്ധമായും സ്ഥാപിക്കണമെന്നും യാത്രക്കാർക്ക് ആവശ്യമുള്ള നിർദ്ദേശങ്ങൾ നൽകണമെന്നും യാത്രക്കാർ പ്ലാസ്റ്റിക്കുകളും മറ്റും കാടിനുള്ളിൽ ഉപേക്ഷിക്കുന്നില്ലായെന്ന് ഉറപ്പുവരുത്തുന്നതിന് കർശന നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

## വനം-വന്യജീവി (സി) വകുപ്പ്

സമിതി ശിപാർശകൾ പ്രകാരം വ്യവസ്ഥകളുടെയും നിബന്ധനകളുടെയും അടിസ്ഥാനത്തിൽ മാത്രമേ ടി പ്രവർത്തനങ്ങൾക്ക് അനുമതി സംബന്ധിച്ച നടപടികൾ കൈക്കൊള്ളുകയുള്ളൂ എന്ന വിവരം ബോധിപ്പിച്ചുകൊള്ളുന്നു.

ശിപാർശ 12 [ഖണ്ഡിക 16]

വന്യമൃഗങ്ങൾ ഉണ്ടാകാൻ സാധ്യതയുള്ള മേഖലകളിലൂടെ മലയോര ഹൈവേ നിർമ്മിക്കുമ്പോൾ യാത്രക്കാരുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി മുന്നറിയിപ്പുകൾ നൽകണമെന്നും ബോർഡുകൾ സ്ഥാപിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ യാത്രക്കാർ മൃഗങ്ങളെ അപായപ്പെടുത്തുകയോ ശല്യപ്പെടുത്തുകയോ ചെയ്യാതിരിക്കുന്നതിന് വേണ്ട നടപടി വനം വകുപ്പ് ഉദ്യോഗസ്ഥർ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

## പൊതുമരാമത്ത് (എച്ച്) വകുപ്പ്

വന്യമൃഗങ്ങൾ ഉണ്ടാകാൻ സാധ്യതയുള്ള മേഖലകളിലൂടെ മലയോര ഹൈവേ നിർമ്മിക്കുമ്പോൾ യാത്രക്കാരുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി മുന്നറിയിപ്പ് നൽകുന്ന ബോർഡുകൾ സ്ഥാപിച്ചുകൊണ്ടാണ് പ്രവൃത്തികൾ നടന്നുവരുന്നത്.

ശിപാർശ 13 [ഖണ്ഡിക 17]

ദീർഘദൂരം വന്യജീവികളുള്ള വനമേഖലയിലൂടെ റോഡ് നിർമ്മിക്കേണ്ടതായി വരുമ്പോൾ വന്യജീവികൾക്ക് റോഡിന് ഇരുവശത്തേക്കും പോകുന്നതിന് സാഹചര്യമുണ്ടാകുന്ന വിധത്തിൽ ഇടവിട്ടുള്ള സ്ഥലങ്ങളിൽ എലിവേറ്റഡ് റോഡുകൾ

നിർമ്മിക്കുന്ന കാര്യം പരിഗണിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. ഇത് ടൂറിസം വികസനത്തിനും വന്യജീവികളുടെ ആവാസ വ്യവസ്ഥക്ക് കോട്ടം തട്ടാതിരിക്കുന്നതിനും സഹായകരമായിരിക്കും.

സർക്കാർ സ്വീകരിച്ച നടപടി

## പൊതുമരാമത്ത് (എച്ച്) വകുപ്പ്

വന്യമൃഗങ്ങളുടെ സഞ്ചാരപാതയ്ക്ക് കോട്ടം സംഭവിക്കാതെയിരിക്കുന്നതിനായി ഇടവിട്ടുള്ള സ്ഥലങ്ങളിൽ എലിവേറ്റഡ് റോഡുകൾ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

ഖണ്ഡിക 16, 17 എന്നിവയിന്മേൽ സമിതി ആവശ്യപ്പെട്ട അധികവിവരം

വന്യമൃഗങ്ങൾ ഉണ്ടാകാൻ സാധ്യതയുള്ള മേഖലകളിൽ മലയോര ഹൈവേ നിർമ്മിക്കുമ്പോൾ യാത്രക്കാരുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കുന്നതിന് സ്വീകരിച്ച നടപടികൾ സംബന്ധിച്ചും മൃഗങ്ങളുടെ സഞ്ചാരപഥം ഒഴിവാക്കി എപ്രകാരമാണ് നിർമ്മാണപ്രവർത്തനങ്ങൾ നടത്തിയെന്നത് സംബന്ധിച്ചും സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുവാനും കൂടാതെ മലയാര ഹൈവേയുടെ നിർമ്മാണപ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കണമെന്ന് വകുപ്പിനോട് ആവശ്യപ്പെടുന്നതിനും തീരുമാനിച്ചു.

സർക്കാരിൽ നിന്നും ലഭിച്ച മറുപടി

## പൊതുമരാമത്ത് (എച്ച്) വകുപ്പ്

വനമേഖലയിലൂടെ കടന്നുപോകുന്ന മലയോര ഹൈവേയുടെ പദ്ധതിയിൽ യാത്രക്കാരുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കുന്നതിനുള്ള തുക എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി ബോർഡുകൾ സ്ഥാപിക്കുന്നതാണ്. വനമേഖലയിലൂടെ മലയോരഹൈവേ നിർമ്മിച്ചത് കാസറഗോഡ് ജില്ലയിലെ കോളിച്ചാൽ - ചെറുപുഴ റോഡാണ്. ഈ ഭാഗത്ത് വന്യമൃഗങ്ങളുടെ സഞ്ചാരപാതകളൊന്നും തന്നെയില്ല. എന്നാൽ വന്യമൃഗങ്ങൾ ഉണ്ടെന്നുള്ള മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്. സംരക്ഷിത വനമേഖലയിലൂടെ കടന്നുപോകുന്ന എറണാകുളം ജില്ലയിലെ മലയോര ഹൈവേയായ ഇല്ലിത്തോട് - അഭയാരണ്യം റോഡ് (1.895 Km) ഭാഗത്ത് എലിവേറ്റഡ് ഹൈവേയാണ് വിഭാവനം ചെയ്തിട്ടുള്ളത്. ടി റോഡിന് 32.09 കോടി രൂപയുടെ സാമ്പത്തിക അനുമതി കിഫ്ബിയിൽ നിന്നും ലഭ്യമായിട്ടുണ്ട്.

ശിപാർശ 14 [ഖണ്ഡിക 18]

മലയോര ഹൈവേ നിർമ്മിക്കുമ്പോൾ റോഡുകളുടെ വശങ്ങളിൽ യൂട്ടിലിറ്റി ഡക്ട്കുകൾ ഉൾപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ റോഡ് നിർമ്മാണത്തിന് എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ തന്നെ യൂട്ടിലിറ്റി ഷിഫ്റ്റിംഗിനുള്ള തുക ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണമെന്നും ആയതിനാവശ്യമായ തുക ബഡ്ജറ്റിൽ വകയിരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

## പൊതുമരാമത്ത് (എച്ച്) വകുപ്പ്

റോഡ് നിർമ്മാണത്തിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾത്തന്നെ യൂട്ടിലിറ്റി ഷിഫ്റ്റിംഗിനുള്ള തുക കൂടി ഉൾപ്പെടുത്തും. ആയതിന് ആവശ്യമായ തുക എസ്റ്റിമേറ്റിൽ വകയിരുത്തിത്തന്നെയാണ് പ്രവൃത്തികൾ മുന്നോട്ട് പോകുന്നത്.

ശിപാർശ 15 [ഖണ്ഡിക 19]

മലയോര ഹൈവയുടെ നിർമ്മാണത്തിന് മുമ്പ് തന്നെ പൈപ്പ് ലൈനും വൈദ്യുതി കേബിളുകളും പോസ്റ്റുകളും മാറ്റി സ്ഥാപിച്ചാൽ അനാവശ്യ സാമ്പത്തിക ചെലവും നിർമ്മാണ സമയനഷ്ടവും ഒഴിവാക്കാൻ കഴിയുമെന്നതിനാൽ റവന്യൂ, തദ്ദേശ സ്വയംഭരണം, കെ.എസ്.ഇ.ബി., വാട്ടർ അതോറിറ്റി തുടങ്ങിയ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് നിർമ്മാണപ്രവൃത്തികൾ ആരംഭിക്കുന്നതിന് മുൻപ് തന്നെ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

## പൊതുമരാമത്ത് (എച്ച്) വകുപ്പ്

അനാവശ്യ സാമ്പത്തിക ചെലവും നിർമ്മാണ സമയനഷ്ടവും ഒഴിവാക്കുന്നതിനായി മലയോര ഹൈവയുടെ നിർമ്മാണത്തിന് മുമ്പ് തന്നെ പൈപ്പ് ലൈനും വൈദ്യുതി കേബിളുകളും പോസ്റ്റുകളും മാറ്റി സ്ഥാപിക്കുന്നതിനായി റവന്യൂ, തദ്ദേശ സ്വയംഭരണം, കെ.എസ്.ഇ.ബി., വാട്ടർ അതോറിറ്റി തുടങ്ങിയ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ടാണ് പ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുന്നത്.

ശിപാർശ 16 [ഖണ്ഡിക 20]

മലയോര ഹൈവേ നിർമ്മിക്കുമ്പോൾ അപകട സാധ്യതകൾ മുന്നിൽ കണ്ട് അവ ഒഴിവാക്കുന്നതിനായി ആവശ്യമായ സ്ഥലങ്ങളിൽ സൈൻ ബോർഡുകൾ, അപകട സൂചന ബോർഡുകൾ, റിഫ്ലക്ടറുകൾ, റോഡ് മാർക്കിംഗ്, ക്രാഷ് ബാരിയറുകൾ, സംരക്ഷണ ഭിത്തികൾ എന്നിവ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും വർദ്ധിച്ചുവരുന്ന റോഡ് അപകടങ്ങൾ ഒഴിവാക്കുന്നതിന് ആവശ്യമായ റോഡ് സുരക്ഷ മാനദണ്ഡങ്ങൾക്ക് പരിഗണന നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

## പൊതുമരാമത്ത് (എച്ച്) വകുപ്പ്

വർദ്ധിച്ചുവരുന്ന റോഡ് അപകടങ്ങൾ ഒഴിവാക്കുന്നതിന് ആവശ്യമായ റോഡ് സുരക്ഷാ മാനദണ്ഡങ്ങൾക്ക് പരിഗണന നൽകും. ആവശ്യമായ സ്ഥലങ്ങളിൽ

സൈൻ ബോർഡുകൾ, അപകട സൂചന ബോർഡുകൾ, റിഫ്ലക്ടറുകൾ, ക്രാഷ് ബാരിയറുകൾ, സംരക്ഷണ ഭിത്തികൾ എന്നിവ സ്ഥാപിച്ചുതന്നെയാണ് പ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുന്നത്.

ശിപാർശ 17 [ഖണ്ഡിക 21]

മലയോര ഹൈവേ നിർമ്മാണം നടത്തുമ്പോൾ നിർമ്മാണ വസ്തുക്കൾ പുനരുപയോഗിക്കുമ്പോൾ ആധുനിക സാങ്കേതികവിദ്യകൾ ഉപയോഗിക്കണമെന്നും റോഡിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുവാൻ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

## പൊതുമരാമത്ത് (എച്ച്) വകുപ്പ്

മുമ്പ് ഉപയോഗിച്ച നിർമ്മാണ വസ്തുക്കൾ പൊളിച്ചെടുത്ത് പുനരുപയോഗിക്കുമ്പോൾ ആധുനിക സാങ്കേതികവിദ്യകൾ ഉപയോഗിച്ച് റോഡിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുവാൻ നടപടികൾ സ്വീകരിക്കുന്നതാണ്.

ശിപാർശ 18 [ഖണ്ഡിക 22]

പരിസ്ഥിതിക്ക് ഭീഷണിയായിക്കൊണ്ടിരിക്കുന്ന പ്ലാസ്റ്റിക്, റോഡ് നിർമ്മാണത്തിനായി ഉപയോഗിക്കുന്നതിലൂടെ പ്ലാസ്റ്റിക് മാലിന്യങ്ങളുടെ നിർമ്മാർജ്ജനത്തിന് ഒരു പരിധിവരെ സഹായകരമാകുമെന്നതിനാലും ഇത് റോഡിന്റെ ആയുസ് വർദ്ധിപ്പിക്കുന്നതിന് കാരണമാകുമെന്നതിനാലും മലയോര ഹൈവേ നിർമ്മാണത്തിൽ ടാറിനൊപ്പം പ്ലാസ്റ്റിക് ചേർക്കുന്നതിന്റെ സാധ്യത പരിശോധിച്ച് സാധ്യമാകുന്ന നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

## പൊതുമരാമത്ത് (എച്ച്) വകുപ്പ്

പരിസ്ഥിതിക്ക് ഭീഷണിയായിക്കൊണ്ടിരിക്കുന്ന പ്ലാസ്റ്റിക്, റോഡ് നിർമ്മാണത്തിനായി ഉപയോഗിക്കുന്നതിലൂടെ പ്ലാസ്റ്റിക് മാലിന്യങ്ങളുടെ നിർമ്മാർജ്ജനത്തിന് ഒരു പരിധിവരെ സഹായകരമാകുമെന്നതിനാലും ഇത് റോഡിന്റെ ആയുസ് വർദ്ധിപ്പിക്കുന്നതിന് കാരണമാകുമെന്നതിനാലും മലയോര ഹൈവേ നിർമ്മാണത്തിൽ ടാറിനൊപ്പം പ്ലാസ്റ്റിക് ചേർത്തുതന്നെയാണ് പല പ്രവൃത്തികളും നടന്നുവരുന്നത്.

ശിപാർശ 19 [ഖണ്ഡിക 23]

ദീർഘദൂരം വിജന പ്രദേശങ്ങളിലൂടെ യാത്രചെയ്യേണ്ടിവരുമെന്നതിനാൽ പദ്ധതിയുടെ ഭാഗമായി ദീർഘദൂര യാത്രക്കാർക്ക് പ്രത്യേകിച്ചും സ്ത്രീകൾക്കും വിനോദസഞ്ചാരികൾക്കും ഉപകാരപ്രദമായ രീതിയിൽ ശുചിമുറി, ലഘുഭക്ഷണശാല തുടങ്ങിയ അമിനിറ്റീസ്

സെന്ററുകളുടെ നടത്തിപ്പ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയോ കുടുംബശ്രീ യൂണിറ്റുകളെയോ സ്വകാര്യ വ്യക്തികൾക്ക് സർക്കാർ നിയമ പ്രകാരം ലേലം ചെയ്തോ ഏൽപ്പിക്കണമെന്നും ഇവയുടെ നിർമ്മാണത്തിനാവശ്യമായ തുക ഡി.പി.ആർ.-ൽ ഉൾപ്പെടുത്തി കിഫ്ബി മുഖേന നടപ്പിലാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

## പൊതുമരാമത്ത് (എച്ച്) വകുപ്പ്

ശുചിമുറി, ലഘുഭക്ഷണശാല തുടങ്ങിയ അമിനിറ്റീസ് സെന്ററുകളുടെ നടത്തിപ്പ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയോ കുടുംബശ്രീ യൂണിറ്റുകളെയോ സ്വകാര്യ വ്യക്തികൾക്ക് സർക്കാർ നിയമ പ്രകാരം ലേലം ചെയ്ത് ഏൽപ്പിക്കണമെന്നും ഇവയുടെ നിർമ്മാണത്തിനാവശ്യമായ തുക ഡി.പി.ആർ.-ൽ ഉൾപ്പെടുത്തി കിഫ്ബി മുഖേന നടപ്പിലാക്കുന്നതിന് വേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ശിപാർശ 20 [ഖണ്ഡിക 24]

ഹരിത സാങ്കേതികവിദ്യ ഉപയോഗിക്കുന്നതിന്റെ ഭാഗമായി കയർ ഭൂവസ്ത്രം ഉപയോഗിച്ചുള്ള മണ്ണ് സംരക്ഷണം, ചെരിവുകൾ ബലപ്പെടുത്തൽ, റോഡിന്റെ അടിത്തറ ബലപ്പെടുത്തൽ എന്നിവയ്ക്ക് പ്രാമുഖ്യം നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

## പൊതുമരാമത്ത് (എച്ച്) വകുപ്പ്

ഹരിത സാങ്കേതികവിദ്യ ഉപയോഗിക്കുന്നതിന്റെ ഭാഗമായി കയർ ഭൂവസ്ത്രം ഉപയോഗിച്ചുള്ള മണ്ണ് സംരക്ഷണം, ചെരിവുകൾ ബലപ്പെടുത്തൽ, റോഡിന്റെ അടിത്തറ ബലപ്പെടുത്തൽ നിലവിൽ പല പദ്ധതികളിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്നു.

ശിപാർശ 21 [ഖണ്ഡിക 25]

മലയോര ഹൈവേക്കായി റോഡുകൾ നിർമ്മിക്കുമ്പോൾ പരിശോധനകൾ കൃത്യമായി നടത്തി ഗുണനിലവാരം ഉറപ്പാക്കുന്നതിന് കർശന നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

## പൊതുമരാമത്ത് (എച്ച്) വകുപ്പ്

മലയോര ഹൈവേക്കായി റോഡുകൾ നിർമ്മിക്കുമ്പോൾ പരിശോധനകൾ കൃത്യമായി നടത്തി ഗുണനിലവാരം ഉറപ്പാക്കിത്തന്നെയാണ് പ്രവൃത്തികൾ പുരോഗമിച്ച് കൊണ്ടിരിക്കുന്നത്.

ശിപാർശ 22 [ഖണ്ഡിക 26]

സി.എഫ്.എൽ. സോളാർ റാന്തലുകളും എൽ.ഇ.ഡി. സോളാർ റാന്തലുകളും അമിനിറ്റീസ് സെന്ററുകളിൽ ഉപയോഗപ്പെടുത്തണമെന്നും എൽ.ഇ.ഡി. സോളാർ സ്ലീറ്റ് ലൈറ്റിംഗ് സിസ്റ്റം പാതയോരങ്ങളിൽ സ്ഥാപിക്കുന്നതിനും ട്രാഫിക് സുരക്ഷാ ക്രമീകരണങ്ങൾക്ക് പാരമ്പര്യേതര ഊർജ്ജ സങ്കേതങ്ങൾ ഉപയോഗപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

## പൊതുമരാമത്ത് (എച്ച്) വകുപ്പ്

സി.എഫ്.എൽ. സോളാർ റാന്തലുകളും എൽ.ഇ.ഡി. സോളാർ റാന്തലുകളും അമിനിറ്റീസ് സെന്ററുകളിൽ ഉപയോഗപ്പെടുത്തണമെന്നും എൽ.ഇ.ഡി. സോളാർ സ്ലീറ്റ് ലൈറ്റിംഗ് സിസ്റ്റം പാതയോരങ്ങളിൽ സ്ഥാപിക്കുന്നതിനും ട്രാഫിക് സുരക്ഷാ ക്രമീകരണങ്ങൾക്ക് പാരമ്പര്യേതര ഊർജ്ജ സങ്കേതങ്ങൾ ഉപയോഗപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുന്നതാണ്.

ശിപാർശ 23 [ഖണ്ഡിക 27]

മലയോര ഹൈവേയുമായി ബന്ധപ്പെട്ട് നിർമ്മിക്കുന്ന റോഡുകൾ ബി.എം. & ബി.സി. ചെയ്ത് ഉയർന്ന ഗുണനിലവാരം പാലിച്ചുകൊണ്ട് തന്നെ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

## പൊതുമരാമത്ത് (എച്ച്) വകുപ്പ്

മലയോര ഹൈവേയുമായി ബന്ധപ്പെട്ട് നിർമ്മിക്കുന്ന എല്ലാ റോഡുകളും ബി.എം. & ബി.സി. നിലവാരത്തിൽ തന്നെയാണ് നിർമ്മിച്ചുകൊണ്ടിരിക്കുന്നത്.

**അദ്ധ്യായം - III**

## മറുപടി ലഭിക്കേണ്ട ശിപാർശകളും അധികവിവരവും

ശിപാർശ 6 [ഖണ്ഡിക 10]

മലയോര ഹൈവേയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി സംസ്ഥാനത്ത് ആകെ ഏറ്റെടുക്കേണ്ടി വരുന്ന വനഭൂമി സംബന്ധിച്ച് സർവ്വേ നമ്പർ ഉൾപ്പെടെയുള്ള വ്യക്തവും

സമഗ്രവുമായ റിപ്പോർട്ട് ചീഫ് എഞ്ചിനീയർ അടിയന്തരമായി ചീഫ് ഫോറസ്റ്റ് കൺസർവേറ്റർക്ക് ലഭ്യമാക്കുന്നതിനും ഒരു ഹെക്ടറിന് മുകളിൽ വനഭൂമി ആവശ്യമായ പ്രദേശങ്ങളിൽ സർക്കാരിന്റെ അഭിമാന പദ്ധതി എന്ന നിലയിൽ കാലതാമസം ഒഴിവാക്കി കേന്ദ്ര സർക്കാരിന്റെ അനുമതി ലഭ്യമാക്കുന്നതിനായി ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് അടിയന്തരമായി നടപടി സ്വീകരിക്കണമെന്നും ഒരു ഹെക്ടറിൽ താഴെ മാത്രം വിസ്തൃതിയുള്ള വനപ്രദേശങ്ങൾ ഇനിയും വിട്ടുകിട്ടുവാനുണ്ടെങ്കിൽ ആയതിന് സംസ്ഥാന വനം വകുപ്പ് അടിയന്തര നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

## പൊതുമരാമത്ത് (എച്ച്) വകുപ്പ്

മലയോര ഹൈവേയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി സംസ്ഥാനത്ത് ആകെ ഏറ്റെടുക്കേണ്ട വനഭൂമി വിട്ടുകിട്ടുന്നതിനായി ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ നിർദ്ദേശ പ്രകാരം നടപടികൾ സ്വീകരിച്ച് വരുന്നു.

## വനം-വന്യജീവി (സി) വകുപ്പ്

മലയോര മേഖലകളെ ബന്ധിപ്പിച്ചുകൊണ്ട് കാസർഗോഡ് ജില്ലയിലെ നന്ദാരപ്പടവ് മുതൽ തിരുവനന്തപുരം ജില്ലയിലെ പാറശ്ശാല വരെ 1198 കി.മീ. ദൂരത്തിലാണ് നിർദ്ദിഷ്ട മലയോര ഹൈവേ നിശ്ചയിച്ചിട്ടുള്ളത്. മലയോര ഹൈവേ റോഡ് നിർമ്മാണത്തിനായി വനഭൂമി വിട്ടുനൽകുന്നതിനായി 10 അപേക്ഷകളാണ് വനം വകുപ്പിന് പൊതുമരാമത്ത് വകുപ്പിൽ നിന്നും ലഭിച്ചിരുന്നത്. ആയവ ജില്ലയ്ക്ക് ഒരു പ്രൊപ്പോസൽ എന്ന രീതിയിലാണ് പരിഗണിച്ചുവരുന്നത്. കേരള റോഡ് ഫണ്ട് ബോർഡ്, കേരള ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ്, വനം വകുപ്പ് എന്നിവയിലെ ഉദ്യോഗസ്ഥർ സംയുക്തമായി ടി അപേക്ഷകൾ സംബന്ധിച്ച് നിലവിൽ കാസർഗോഡ്, കണ്ണൂർ, വയനാട്, കോഴിക്കോട്, മലപ്പുറം, പാലക്കാട്, തൃശ്ശൂർ, എറണാകുളം, ഇടുക്കി, കോട്ടയം ജില്ലകളിൽ ഡിവിഷൻ/സർക്കിൾ തലങ്ങളിൽ സ്ഥലപരിശോധന പൂർത്തീകരിക്കുകയും അലൈൻമെന്റുകൾ നിശ്ചയിക്കുകയും ചെയ്തിട്ടുള്ളതാണ്. ഓൺലൈൻ പ്രൊപ്പോസലുകളിൽ നടപടി പൂർത്തീകരിക്കുന്ന മുറയ്ക്ക് കേന്ദ്ര/കേരള സർക്കാരിന്റെ അനുമതി ലഭ്യമാക്കുന്നതിനും സ്ഥലം കൈമാറ്റത്തിനുമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## സമിതി ആവശ്യപ്പെട്ട അധിക വിവരം

ഖണ്ഡിക 10-ലെ ശിപാർശയിന്മേലുള്ള നടപടി റിപ്പോർട്ട് പരിഗണിക്കവേ, മലയോര ഹൈവേക്കായി എത്ര ഹെക്ടർ വനഭൂമി ഏറ്റെടുത്തിട്ടുണ്ടെന്നും എത്ര ഹെക്ടർ വനഭൂമി ലഭ്യമാക്കുന്നതിനുള്ള കേന്ദ്രാനുമതി തേടിയിട്ടുണ്ടെന്നും ആരായുന്നതിന് സമിതി നിർദ്ദേശിച്ചു.

## ഇനിയും മറുപടി ലഭിക്കാനുള്ള ശിപാർശകൾ

ശിപാർശ 3 [ഖണ്ഡിക 7]

മലയോര ഹൈവേയുടെ പ്രാധാന്യവും ദീർഘകാല ഉപയോഗവും മുൻനിർത്തി വനമേഖലകളിലടക്കം എല്ലായിടത്തും 12 മീറ്റർ വീതിയിൽ തന്നെ മലയോര ഹൈവേ നിർമ്മിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ശിപാർശ 18 [ഖണ്ഡിക 22]

പരിസ്ഥിതിക്ക് ഭീഷണിയായിക്കൊണ്ടിരിക്കുന്ന പ്ലാസ്റ്റിക്, റോഡ് നിർമ്മാണത്തിനായി ഉപയോഗിക്കുന്നതിലൂടെ പ്ലാസ്റ്റിക് മാലിന്യങ്ങളുടെ നിർമ്മാർജ്ജനത്തിന് ഒരു പരിധിവരെ സഹായകരമാകുമെന്നതിനാലും ഇത് റോഡിന്റെ ആയുസ് വർദ്ധിപ്പിക്കുന്നതിന് കാരണമാകുമെന്നതിനാലും മലയോര ഹൈവേ നിർമ്മാണത്തിൽ ടാറിനൊപ്പം പ്ലാസ്റ്റിക് ചേർക്കുന്നതിന്റെ സാധ്യത പരിശോധിച്ച് സാധ്യമാകുന്ന നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ശിപാർശ 19 [ഖണ്ഡിക 23]

ദീർഘദൂരം വിജന പ്രദേശങ്ങളിലൂടെ യാത്ര ചെയ്യേണ്ടി വരുമെന്നതിനാൽ പദ്ധതിയുടെ ഭാഗമായി ദീർഘദൂര യാത്രക്കാർക്ക് പ്രത്യേകിച്ചും സ്ത്രീകൾക്കും വിനോദസഞ്ചാരികൾക്കും ഉപകാരപ്രദമായ രീതിയിൽ ശുചിമുറി, ലഘുഭക്ഷണശാല തുടങ്ങിയ അമിനിറ്റീസ് സെന്ററുകളുടെ നടത്തിപ്പ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയോ കുടുംബശ്രീ യൂണിറ്റുകളെയോ സ്വകാര്യ വ്യക്തികൾക്ക് സർക്കാർ നിയമ പ്രകാരം ലേലം ചെയ്ത് ഏൽപ്പിക്കണമെന്നും ഇവയുടെ നിർമ്മാണത്തിനാവശ്യമായ തുക ഡി.പി.ആർ.-ൽ ഉൾപ്പെടുത്തി കിഫ്ബി മുഖേന നടപ്പിലാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

മേൽപ്പറഞ്ഞ ശിപാർശകളിന്മേൽ ബന്ധപ്പെട്ട വകുപ്പുകൾ നാളിതുവരെ മറുപടി ലഭ്യമാക്കാത്തതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. ആയതിന്മേൽ സത്വര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

കെ. കെ. ശൈലജ ടീച്ചർ,

*അദ്ധ്യക്ഷ,*

*എസ്റ്റിമേറ്റ്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2023, സെപ്റ്റംബർ 13.